പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4981 — 23.03.2018 ൽ മറുപടിയ്ക്ക്

## വനാവകാശനിയമം

| | ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | മറുപടി<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ആദിവാസികൾക്ക് വലിയതോതിൽ പ്രയോജനം ചെയ്യുന്ന വനാവകാശനിയമം എന്നാണ് നിലവിൽ വന്നത്; | (എ) | 2006 ലെ കേന്ദ്ര വനാവകാശനിയമം 2007 ജനുവരി രണ്ടിന് നിലവിൽ വന്നു. കേരളത്തിൽ നടപ്പിലാക്കി വരുന്നത് 01.1.2008 ൽ ഇതു സംബന്ധിച്ച കേന്ദ്ര ചട്ടങ്ങൾ നിലവിൽ വന്നതു മുതലാണ്. |
| (ബി) | വനാവകാശ നിയമപ്രകാരം എന്തെല്ലാം ഇളവുകളും സൗകര്യങ്ങളും ആണ് വനമേഖലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് ലഭ്യമാകുക; വിശദാംശം വ്യക്തമാക്കുമോ? | (ബി) | പരമ്പരാഗതമായി വനങ്ങളിൽ ജീവിച്ചുപോരുന്നവർക്ക് വനഭൂമിക്കും വനവിഭവങ്ങൾക്കും മേലുള്ള സ്വാതന്ത്ര്യം ഏതാനും നിബന്ധനകളോടുകൂടി അവകാശങ്ങളായി അംഗീകരിച്ചു കൊടുക്കുന്ന നിയമമാണ് വനാവകാശനിയമം 2006. വനാവകാശനിയമ പ്രകാരം വന മേഖലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് താഴെപ്പറയുന്ന അവകാശങ്ങളാണ് ലഭ്യമാകുക.<br><br>• ആദിവാസികൾക്ക് അവർ തലമുറകളായി താമസിച്ചു വരുന്ന വനഭൂമി ഒരു കുടുംബത്തിന് പരമാവധി 4 ഹെക്ടർ (10 ഏക്കർ) എന്ന നിലയ്ക്കുള്ള കൈവശാവകാശം<br>• ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനും, വിൽപ്പന നടത്തുന്നതിനുമുള്ള അവകാശം<br>• സമൂഹത്തിന്റെ പൊതു ആവശ്യങ്ങൾക്കായി സ്കൂൾ, അംഗൻവാടി, ആശുപത്രി തുടങ്ങിയ 13 അടിസ്ഥാന വികസനാവശ്യങ്ങൾക്കു വേണ്ടി വനഭൂമി ഉപയോഗപ്പെടുത്താൻ (ഹെക്ടറിന് 75 ലേറെ മരങ്ങൾ മുറിക്കാനിടവരാത്തവിധം) ഉള്ള അവകാശം |

സെക്ഷൻ ഓഫീസർ